**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5692** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ മാസ്റ്റർ പ്ലാൻ കെട്ടിടത്തിലേക്ക് ആവശ്യമായ ജനറൽ ഫർണീച്ചർ, കർട്ടൻ എന്നിവ കിഫ്‌ബി ഫണ്ടിൽ നിന്നും വാങ്ങുന്നതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) | കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ട് ഒറ്റപ്പാലം താലൂക്കാശുപത്രി വികസനത്തിനായി 30.07.2020 തീയതിയിലെ സ.ഉ (സാധാ) നം.1396/ 2020/ ആകുവ പ്രകാരം 13.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത കെട്ടിടത്തി ലേക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സേവിംഗ്സ് ഉപയോഗിച്ച് 24,73,577/- രൂപയുടെ ഫർണിച്ചർ വാങ്ങുന്നതിനാണ് ശിപാർശ സമർപ്പിച്ചിരുന്നത്. എന്നാൽ ഭരണാനുമതി ഉത്തരവിൽ അനുമതി നൽകിയിരുന്നത് ആശുപത്രിയിലേക്കാവശ്യമായ മെഡിക്കൽ ഫർണിച്ചർ വാങ്ങുന്നതിനായാണ്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നതിനാൽ പ്രസ്തുത പദ്ധതിയുടെ സേവിംഗ്സ് ഉപയോഗിച്ച് ഭരണാനുമതി ഉത്തരവിൽ പരാമർശിക്കാത്ത പ്രവൃത്തി നടത്തുമ്പോൾ കിഫ്ബിയുടെ അനുമതി തേടേണ്ടതുണ്ട്. തുടർന്ന് ആശുപത്രി ഫർണിച്ചർ വാങ്ങുന്നതിനുള്ള ശിപാർശ ഭരണാമതി ഉത്തരവിന്റെ പരിധിക്കുള്ളിൽ വരുന്നതാണോയെന്ന് പരിശോധിച്ചുള്ള വിശദമായ റിപ്പോർട്ടും പദ്ധതിയുടെ സേവിംഗ്സിന്റെ വിശദാംശങ്ങളും ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സേവിംഗ്സ് ഉപയോഗിച്ചുകൊണ്ട് ഫർണിച്ചർ വാങ്ങുന്നത് സംബന്ധിച്ച് കിഫ്ബിയുടെ അഭിപ്രായം സർക്കാരിന് ലഭ്യമായിട്ടില്ല. |
| (ബി) | 24,73,577/- രൂപയുടെ എസ്റ്റിമേറ്റ് തുക കിഫ്‌ബിയുടെ സേവിംഗ്സ് തുകയിൽ നിന്നും ലഭ്യമാക്കാവുന്നതാണെന്ന് കിഫ്‌ബി കത്ത് | (ബി) | മറുപടി എ പിരിവായി ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫർണീച്ചർ, കർട്ടൻ എന്നിവ വാങ്ങുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ